# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 489** **09.02.2016 ൽ മറുപടിക്ക്**

**റെയിൽവേ വികസന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് കേരളത്തിന് കുറഞ്ഞ തുകകളാണ് റെയിൽവേ വകയിരുത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റെയിൽവേ വികസന പദ്ധതികൾ നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും വിശദീകരിക്കുന്ന മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17 ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നു വരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17 ൽ ആവശ്യമായ മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം. അങ്കമാലി |

| | | | |
|---|---|---|---|
| | | | ശബരി പാത, നിലമ്പൂർ - നഞ്ചൻഗുഡ് പാത, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാന സൗകര്യ വികസനം, ആട്ടോമെറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയവ മുഖ്യ ആശ്യങ്ങളായി ടി മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര റെയിൽ മന്ത്രാലയവുമായി ചേർന്ന് 49:51 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭത്തിന് 27.01.2016 ൽ ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**